# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2293 09.03.2018 ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**<br>**ശ്രീ. പി.ഉബൈദുള്ള**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയിഡഡ്സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ ക്വിസ്/ പ്രസംഗം, മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് തുടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം, എന്നീ മത്സരങ്ങളും നടത്തി വരുന്നു. |
| (ബി) | ഇതിന്റെ പ്രവർത്തനം കോളേജ് തലത്തിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ മികവു കാട്ടുന്ന കുട്ടികൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകിവരുന്നത്; | (സി) | മികവ് കാട്ടുന്ന കുട്ടികൾക്ക് സംസ്ഥാനതല ക്യാമ്പ്, സർട്ടിഫിക്കറ്റ്, ക്യാഷ് പ്രൈസ്, ട്രോഫി എന്നിവ നൽകുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ ജേതാക്കളായ സ്കൂളിന്റെ റിപ്പീറ്റ് പെർഫോമൻസ് പൊതു ഭരണ സെക്രട്ടറിയേറ്റിലെ പഴയ നിയമസഭാ ഹാളിൽ വച്ച് നടത്തുന്നുണ്ട്. |
| (ഡി) | ഇവർക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ